LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

25 (1393) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ, 2015 ജൂലായ് 31 വരെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന വ്യക്തമാക്കാമോ ;

(ബി) എക്സ്റ്റൻഷൻ ഓഫീസർമാരുടെ സംയോജിത സീനിയോറിറ്റി പട്ടികയിൽ നിന്നും ഏതു റാങ്ക നമ്പർ വരെയുള്ള ജോയിന്റ് ബി.ഡി.ഒ മാർ ടി ഒഴിവുകളിലേക്ക് ഉദ്യോഗകയറ്റം നല്കി നിയമിക്കപ്പെടും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015 ജൂലൈ 31 വരെ ആകെ 18 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മാരുടെ ഒഴിവുകൾ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്.

(ബി) എക്സ്റ്റൻഷൻ ഓഫീസർമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ 580 വരെയുള്ള ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ ടി ഒഴിവു കളിലേയ്ക്ക് നിലവിലുള്ള സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉദ്യോഗ ക്കയറ്റത്തിൽ നിയമിക്കപ്പെടുവാനുള്ള സാദ്ധ്യത ഉണ്ട്.

ഗ്രാമവികസന പദ്ധതി

26 (1394) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന പദ്ധതികളുടെ നിർവ്വഹണത്തിൽ കേന്ദ്ര മാനദണ്ഡങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരി ക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നിർവ്വഹണത്തിന് കേന്ദ്ര മാനദണ്ഡങ്ങളിൽ എന്തെല്ലാം ഇളവുകൾ വരുത്തുകയുണ്ടായി ;

(ഡി) പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവെ തടസ്സം സൃഷ്ടിക്കുന്നില്ല. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധാരണ കൃഷി പണികൾ അനുവദനീയ മല്ലാത്തതിനാൽ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് അനിവാര്യമായ നെൽകൃഷി ഉൾപ്പെടെയുള്ള കൃഷിപ്പണികൾ തൊഴിലുറപ്പ് പദ്ധതിയിലേറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു.

(ബി) കൃഷി/ക്ഷീര വികസനം/കയർ/കൈത്തറി മേഖലകളിലെ പ്രവൃത്തി കൾകൂടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലേറ്റെടു ക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 3-1-2014-ൽ പ്രാബല്യത്തിൽ വരുത്തിയ വിധം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക I ഉം II ഉം ഭേദഗതി വരുത്തിയതുമൂലം ദുർബ്ബല ജനവിഭാഗങ്ങൾക്കും ചെറുകിട/നാമമാത്ര കർഷകർക്കും മൃഗപരിപാലനവുമായി ബന്ധപ്പെട്ട് തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട് എന്നിവയും മത്സ്യ സംസ്കരണത്തിനുള്ള പ്രവൃത്തികളും ഗ്രാമപഞ്ചായത്ത്/അംഗൻവാടി കെട്ടിടങ്ങൾ, സ്വയം സഹായ സംഘങ്ങൾക്ക് പൊതുവർക്ക് ഷെഡുകൾ, ഭക്ഷ്യധാന്യസംഭരണികൾ തുടങ്ങിയവ ഏറ്റെടുക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജനങ്ങളിൽനിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കും എന്ന ജില്ല/ബ്ലോക്ക് പഞ്ചായത്തുകളുടെ ഉറപ്പിന്മേലാണ് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ ആവശ്യമായ ഭൂമി ലഭിക്കാറില്ല. നിബന്ധനകൾക്ക് വിധേയമായി 6 മീറ്റർ മുതൽ 7.5 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റോഡിന്റെ കയറ്റിറക്കത്തിന്റെ ചരിവ് 10-ന് 1-ൽനിന്നും 8 -ന് 1 ആക്കി മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ദുർബല വിഭാഗങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുതകുന്ന ഉല്പാദനക്ഷമമായ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാഞ്ഞതും മുടങ്ങിക്കിടക്കുന്നതുമായ ഫേസ് 2 മുതൽ 7 വരെയുള്ള നിരവധി പ്രവൃത്തികൾ കരാർ ഉറപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഗ്രാമീണ റോഡുകൾ

27 (1395) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ എത്ര ഗ്രാമീണ റോഡുകൾ അനുവദിച്ചിട്ടുണ്ട് ; ഏതെല്ലാം പദ്ധതി പ്രകാരമാണ് പ്രസ്തുത റോഡ് അനുവദിച്ചിട്ടുള്ളത് ; അവയുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ ;

(ബി) കാസർഗോഡ് മണ്ഡലത്തിലെ കാറടുക്ക പഞ്ചായത്തിലെ മിഞ്ചിപദവ് റോഡ് പുനർനിർമ്മിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) 67 ഗ്രാമീണ റോഡുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നബാർഡ്-ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XX ഉൾപ്പെടുത്തി പള്ളപ്പാടി-മിഞ്ചിപദവ് റോഡിന്റെ ഡി.പി.ആർ തയ്യാർ ചെയ്യുന്നതിനുള്ള രേഖകൾ കാറഡുക്ക ബ്ലോക്ക് ഓഫീസിൽ നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ കോട്ടപ്പുറം-കാവുണ്ട-തോട്ടറ റോഡ് നിർമ്മാണം

28 (1396) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം-കാവുണ്ട-തോട്ടറ റോഡ് നിർമ്മാണത്തിനായി ആർ. ഐ. ഡി . എഫ് .

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly